(സി) ഇത്തരത്തിലുള്ള ചെറുകിട വ്യവസായ വികസനത്തിനായി സ്പെഷ്യൽ എക്കണോമിക് സോണുകൾ ഫീസിബിലിറ്റി പഠനം നടത്തി അവശ്യാധിഷ്ഠിതമായി അനുവദിക്കുന്നത് പരിഗണിക്കാമോ?

പരിഗണനയിലില്ല.

ബീഡി തെറുപ്പ് വ്യവസായത്തിന്റെ ഉന്നമനം

151(165) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യന്ത്രവത്കൃതമായി നിർമ്മിച്ചിട്ടുള്ള സിഗരറ്റ് ഉൽപ്പന്നങ്ങൾക്കുള്ള 28% നികുതിയാണ് കൂടിൽ വ്യവസായമായി നിർമ്മിക്കുന്ന ബീഡി ഉൽപ്പന്നങ്ങൾക്കും നിലവിലുള്ളതായ സാഹചര്യത്തിൽ ബീഡി തെറുപ്പ് വ്യവസായത്തിന്റെ നിലനിൽപ്പിനായി ബീഡി ഉൽപ്പന്നങ്ങൾക്ക് നികുതി ഇളവ് നൽകുന്നത് പരിഗണനയിലുണ്ടോ എന്നറിയിക്കാമോ?

പുകയില മേഖലയിലെ പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനും തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിനുംവേണ്ടി കേരള ദിനേശ് ബീഡി കേന്ദ്ര സഹകരണ സംഘം സർക്കാരിന് ഒട്ടുക്കിയ വില്പന നികുതി/ചരക്ക് സേവന നികുതി പ്രവർത്തനമൂലധനമായി ഉപയോഗിക്കുന്നതിന് സർക്കാർ മടക്കിനൽകുന്നു. 2016-17 വർഷത്തിൽ 8 കോടി രൂപയും 2017-18 വർഷത്തിൽ 4 കോടി രൂപയും ഈ ഇനത്തിൽ മടക്കിനൽകിയിട്ടുണ്ട്.

(ബി) ബീഡി തെറുപ്പ് വ്യവസായത്തിന്റെ സംരക്ഷണത്തിനായി പ്രത്യേക പദ്ധതി പരിഗണനയിലുണ്ടോ?

പ്രത്യേക പദ്ധതി നിലവിലില്ല.

(സി) അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന വ്യാജ ബീഡികളെ തടയുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന വ്യാജ ബീഡികളെ തടയുന്നതിന് പോലീസ് വകുപ്പിന്റെയും നികുതി വകുപ്പിന്റെയും സഹായം തേടിയിട്ടുണ്ട്.

കൊച്ചി-മംഗലാപുരം വ്യാവസായിക ഇടനാഴി

152(166) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-മംഗലാപുരം വ്യാവസായിക ഇടനാഴി പദ്ധതിയിൽ മലബാറിന്റെ കേന്ദ്രപ്രദേശമെന്ന നിലയിൽ ഷൊർണ്ണൂർ നിയോജകമണ്ഡലത്തെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly